**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - എൽ.ഡി.ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിക്കാത്ത ജൂനിയർ ബിൽ കളക്ടർ തസ്തികയിൽ തുടരുന്ന 22 പേരെ സ്പെഷ്യൽ ടെസ്റ്റ് പാസ്സാകണമെന്ന നിബന്ധനകളിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ)നം.3333/2012/ത.സ്വ.ഭ.വ** **തീയതി,തിരുവനന്തപുരം,03/12/2012.**

---

പരാമർശം:- 1) 25.01.1994 ലെ (എം.എസ്) നമ്പർ 16/94/തഭവ നമ്പർ സർക്കാർ ഉത്തരവ്.
2) 30.01.2001 ലെ (സാധാ) 305/01/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
3) 06.08.2011 ലെ (സാധാ) 1868/11/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
4) ശ്രീമതി.കെ. കുമാരി, ജൂനിയർ ബിൽ കളക്ടർ ഫയൽ ചെയ്ത WP(C) 24042/11 നമ്പർ റിട്ട് പെറ്റീഷൻ മേലുള്ള ബഹു.ഹൈക്കോടതിയുടെ 10.10.2011 ലെ ഉത്തരവ്.
5) പഞ്ചായത്ത് ഡയറക്ടറുടെ 17.11.2011 ലെ ഇ6-34595/09 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം 1 ലെ ഉത്തരവ് പ്രകാരം തുടർച്ചയായി 100% നികുതി പരിവ് കൈവരിച്ചതിന്റെ അടിസ്ഥാനത്തിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്ക് എസ്.എസ്.എൽ.സി. യോഗ്യതയില്ലാതെ ഉദ്യോഗക്കയറ്റം ലഭിച്ച പ്യൂൺമാർക്ക് അനുവദിച്ച ഇൻക്രിമെന്റ് ആനുകൂല്യം അടുത്ത സ്പെഷ്യൽ ടെസ്റ്റ് നടത്തുന്നതുവരെ അനുവദിച്ചിരുന്നു. എന്നാൽ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ ടെസ്റ്റ് നടത്താത്തത് മൂലം നിരവധി ജീവനക്കാർക്ക് വാർഷിക ഇൻക്രിമെന്റ് ലഭിക്കാതെ ബുദ്ധിമുട്ടുണ്ടായതിനെത്തുടർന്ന് പരാമർശം 2 പ്രകാരം എസ്.എസ്.എൽ.സി യോഗ്യതയില്ലാത്ത ജൂനിയർ ബിൽ കളക്ടർ/ എൽ.ഡി. ക്ലാർക്കുമാർക്ക് അടുത്ത സ്പെഷ്യൽ ടെസ്റ്റ് നടത്തുന്നതുവരെ ഇൻക്രിമെന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 25.03.2006 ലെ ജി.ഒ(പി) 145/06/ധന പ്രകാരമുള്ള ശമ്പള പരിഷ്കരണ ഉത്തരവിന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് പാലക്കാട്, പുതുനഗരം ഗ്രാമ പഞ്ചായത്ത്, ബിൽ കളക്ടർ ശ്രീമതി.കെ.കുമാരി ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച WP(C) No. 3642/11(E) യിൻമേൽ ബഹു. ഹൈക്കോടതി 04.02.2011 ന് പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ

ടിയാളുടെ അപേക്ഷ സർക്കാർ പരിശോധിക്കുകയും ടിയാൾ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ 2003 ൽ നടത്തിയ സ്പെഷ്യൽ ടെസ്റ്റ് പാസ്സാകാത്തതിനാൽ അപേക്ഷ നിരസിച്ചുകൊണ്ട് പരാമർശം 3 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

ജൂനിയർ ബിൽ കളക്ടർ തസ്തികയിലെ വാർഷിക വർദ്ധനവും ശമ്പള കമ്മീഷൻ ശിപാർശ പ്രകാരമുള്ള പുതുക്കിയ ശമ്പളവും നൽകിയതിനെതിരെയുള്ള ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ ഉത്തരവും, പരാമർശം 3 പ്രകാരമുള്ള സർക്കാർ ഉത്തരവും റദ്ദാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി.കെ. കുമാരി ഫയൽ ചെയ്ത റിട്ട് ഹർജിയിൻമേൽ പരാമർശം '4' പ്രകാരം ബഹു. ഹൈക്കോടതി ഇടക്കാല സ്റ്റേ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

ഇക്കാര്യത്തിൽ പരാമർശം 5 പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചു. 1977 ലെ പഞ്ചായത്ത് കോമൺ സർവ്വീസ് റൂൾ പ്രകാരം 7-ാം സ്റ്റാൻഡേർഡ് പാസ്സായ ശ്രീമതി.കെ. കുമാരിയ്ക്ക് തസ്തിക മാറ്റം വഴി പഞ്ചായത്ത് സർവ്വീസിൽ ജൂനിയർ ബിൽ കളക്ടറായി പ്രൊമോഷൻ ലഭിച്ചിരുന്നു. എൽ.ഡി.സിയായി സ്ഥാനക്കയറ്റം ലഭിക്കാതെ ജൂനിയർ ബിൽ കളക്ടർ തസ്തികയിൽ തുടരുന്ന ശ്രീമതി. കുമാരിയെപ്പോലുള്ളവരുടെ കാര്യത്തിൽ പരാമർശം 2 പ്രകാരമുള്ള ഉത്തരവ് ബാധകമാക്കാൻ കഴിയില്ലെന്നും ജൂനിയർ ബിൽ കളക്ടറിൽ നിന്നും എൽ.ഡി.ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിക്കാത്തവരുടെ വാർഷിക ഇൻക്രിമെന്റുകൾ അപ്രകാരം തടയുന്നത് ഉചിതമായിരിക്കുകയില്ല എന്നും പരാമർശം 2 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. കുമാരിയ്ക്ക് 3/2004 മുതൽ ഇൻക്രിമെന്റ് നൽകിയത് ക്രമപ്രകാരമല്ലെന്ന് ഓഡിറ്റ് പരാമർശമുണ്ടായതിനാൽ പ്രസ്തുത ഉത്തരവിൽ ഭേദഗതി വരുത്തി ജൂനിയർ ബിൽ കളക്ടർമാരായി തുടരുന്നവരെ സ്പെഷ്യൽ ടെസ്റ്റ് പാസ്സാകണമെന്നുള്ള നിബന്ധനയിൽ നിന്ന് ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കണമെന്നും അഭ്യർത്ഥിച്ചു. പഞ്ചായത്ത് വകുപ്പിൽ നിലവിൽ ജോലി ചെയ്യുന്ന ജൂനിയർ ബിൽ കളക്ടർമാർ സേവനത്തിൽ നിന്നും വിരമിക്കുന്ന മുറയ്ക്ക് പ്രസ്തുത തസ്തികകൾ എൽ.ഡി.ക്ലാർക്കായി പരിവർത്തനം ചെയ്യുന്നതിനും 13.02.2009 ലെ സ.ഉ(എം.എസ്) 29/09/തസ്വഭവ പ്രകാരം ഉത്തരവായിട്ടുള്ളതിനാൽ മേൽപ്പറഞ്ഞ പ്രകാരം അനുകൂല തീരുമാനമുണ്ടാകണമെന്നും പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1977 ലെ പഞ്ചായത്ത് കോമൺ സർവ്വീസ് റൂൾ പ്രകാരം ജൂനിയർ ബിൽ കളക്ടർ തസ്തികയുടെ സ്ഥാനക്കയറ്റ തസ്തികയാണ് ബിൽ കളക്ടർ തസ്തിക (എൽ.ഡി.സി). ആയതിനാൽ പരാമർശം 2 ലെ വ്യവസ്ഥകൾ ജൂനിയർ ബിൽകളക്ടർ തസ്തികയിൽ നിന്നും, എൽ.ഡി.സി പ്രൊമോഷൻ ലഭിക്കുന്നവരുടെ കാര്യത്തിൽ മാത്രമാണ് ബാധകമാകുന്നത്.

പ്രസ്തുത സാഹചര്യത്തിൽ പഞ്ചായത്ത് വകുപ്പിൽ എൽ.ഡി.ക്ലാർക്കായി പ്രൊമോഷൻ ലഭിക്കാതെ ജൂനിയർ ബിൽ കളക്ടർ തസ്തികയിൽ തുടരുന്ന (പേരുകൾ അനുബന്ധമായി പട്ടികയിൽ കൊടുത്തിട്ടുണ്ട്) 22 ജൂനിയർ ബിൽ കളക്ടർമാരെ സ്പെഷ്യൽടെസ്റ്റ് പാസ്സാകണമെന്നുള്ള നിബന്ധനകളിൽ നിന്ന് ഒഴിവാക്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

**കെ.പി.ശ്രീകുമാർ**
**ഡെപ്യൂട്ടി സെക്രട്ടറി**

**ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്**
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർകോഡ്
അഡ്വക്കേറ്റ് ജനറൽ ,എറണാകുളം (ഉപരിപത്രം മുഖേന)
സെക്രട്ടറി, പുതുനഗരം ഗ്രാമ പഞ്ചായത്ത്, പാലക്കാട് .
ശ്രീമതി.കെ. കുമാരി, ജൂനിയർ ബിൽ കളക്ടർ, പുതുനഗരം ഗ്രാമ പഞ്ചായത്ത്, പാലക്കാട് 678 503.
എക്സിക്യൂട്ടീവ് ഡയറക്ടർ ,ഐ.കെ.എം.(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | ജില്ലയുടെ പേര് | പഞ്ചായത്തിന്റെ പേര് | ജൂനിയർ ബിൽ കളക്ടറുടെ പേര് |
|---|---|---|---|
| 1 | ആലപ്പുഴ | മണ്ണഞ്ചേരി | പി. ബി. സുന്ദർ റാവു |
| 2 | ആലപ്പുഴ | കുമാരപുരം | എ.ശ്രീദേവി അമ്മ |
| 3 | ഇടുക്കി | ചക്കുപള്ളം | എം.എം.തങ്കപ്പൻ |
| 4 | പാലക്കാട് | എരുമയൂർ | എം.രാമചന്ദ്രൻ |
| 5 | പാലക്കാട് | എലവഞ്ചേരി | ആർ.പഴനി |
| 6 | പാലക്കാട് | പുതുനഗരം | കെ.കുമാരി |
| 7 | പാലക്കാട് | കാരാക്കുറിശ്ശി | എം.ഹംസ |
| 8 | പാലക്കാട് | പുതുക്കോട് | വൈ.കമറുന്നീസ |
| 9 | പാലക്കാട് | വെള്ളിനേഴി | എൻ.വേലായുധൻ |
| 10 | പാലക്കാട് | പട്ടിത്തറ | എം.എസ്.രാജൻ |
| 11 | പാലക്കാട് | കരിമ്പുഴ | കെ.എൻ.ശിവാനന്ദൻ |
| 12 | മലപ്പുറം | എടരിക്കോട് | എൻ.പി.വിശാലാക്ഷി |
| 13 | മലപ്പുറം | ഒതുക്കുങ്ങൽ | പി.ഹംസ |
| 14 | മലപ്പുറം | കരുളായി | പി.നളിനി |
| 15 | മലപ്പുറം | കുറുവ | ദിലീപ് കുമാർ |
| 16 | മലപ്പുറം | ചെറുകാവ് | കെ.ചന്ദ്രൻ |
| 17 | മലപ്പുറം | ചേലാമ്പ്ര | പി.കൃഷ്ണൻ |
| 18 | മലപ്പുറം | തുവ്വൂർ | കെ.മാത്യു |
| 19 | കോഴിക്കോട് | ചേളന്നൂർ | ശിവാനന്ദൻ കെ.വി |
| 20 | കാസറഗോഡ് | മുളിയാർ | യു.ശ്രീധരൻ |
| 21 | കാസറഗോഡ് | മീഞ്ച | കെ.ആനന്ദ |
| 22 | കാസറഗോഡ് | പുല്ലൂർ പെരിയ | എം.രാധാമണി |